**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **15-03-2022 - ൽ മറുപടിയ്ക്ക്**

**കൃഷിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ ജൈവാംശം സംബന്ധിച്ച വിവരശേഖരണം സർക്കാർ തലത്തിൽ നടത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാനപദ്ധതികളായ ലബോറട്ടീസ് , സോയിൽ ഇൻഫർ മാറ്റിക്സ് & പബ്ലിക്കേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ. എം.എസ്.എ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി എന്നിവയുടെ ഭാഗമായി കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് മണ്ണിലെ ജൈവാംശം സംബന്ധിച്ച വിവര ശേഖരണം നടത്തി വരുന്നു. |
| (ബി) | തരിശുനിലങ്ങൾക്ക് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ആനുകൂല്യങ്ങൾ നൽകി കൂടുതൽ ആളുകളെയും സംഘങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കൃഷി വകുപ്പ് നിലവിൽ തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ സുഭിക്ഷ കേരളം- തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി ഒന്നാം കൊല്ലം ഒരു ഹെക്ടറിന് 35000രൂപ കർഷകനും 5000 രൂപ ഭൂവുടമക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. തുടർവർഷങ്ങളിലെ കൃഷിക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5500 രൂപ, ഉല്പാദന ബോണസായി ഹെക്ടറിന് 1000 രൂപ , സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മന്റ് പദ്ധതി പ്രകാരം കുമ്മായ പ്രയോഗത്തിനായി ഹെക്ടറിന് 5400/- രൂപ , ഇതു കൂടാതെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഉഴവ് കൂലി അടക്കം ഒരു ഹെക്ടറിന് 22,000 രൂപയുടെ ആനുകൂല്യവും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ